LIBRARY ARCHIVES Kerala Legislative Assembly

കേരള നിയമസഭാ നടപടികൾ

പതിനൊന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

2004 ജൂലൈ 1, വ്യാഴം

വാല്യം CXXI] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 5

നിയമസഭ 2004 ജൂലൈ മാസം 1-ാം തീയതി വ്യാഴാഴ്ച രാവിലെ 8.30 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. വക്കം പുരുഷോത്തമന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

(i) വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ.....ഓർഡർ..... ചോദ്യം നമ്പർ 91

അനധികൃത പാരലൽ സർവ്വീസ്

*1 [91] ശ്രീ. ജോസഫ് എം. പുതുശ്ശേരി:
,, തോമസ് ഉണ്ണിയാടൻ:
,, സ്റ്റീഫൻ ജോർജ്:

ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അനധികൃതമായി പാരലൽ ബസ് സർവ്വീസ് നടത്തുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതൊഴിവാക്കുന്നതിനായി സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(സി) പാരലൽ ബസ് സർവ്വീസ് നടത്തുന്നതുമൂലം സംസ്ഥാന സർക്കാരിന് ഉണ്ടാകുന്ന നഷ്ടം എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ;

(ഡി) അനധികൃത പാരലൽ സർവ്വീസ് നടത്തിയതിന് 2004-ൽ സംസ്ഥാനത്ത് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്കുകൾ വെളിപ്പെടുത്താമോ;

(ഇ) അനധികൃത പാരലൽ സർവ്വീസ് നടത്തുമ്പോൾ പിടിച്ചെടുക്കുന്ന വാഹനങ്ങൾ തിരിച്ചെടുക്കുന്നതിന് വലിയസംഖ്യ പിഴയടയ്ക്കണമെന്ന വ്യവസ്ഥ കൊണ്ടുവരാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

ഗതാഗതവകുപ്പുമന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണപിള്ള) :

(എ) ഉണ്ട്.

(ബി) ട്രാൻസ്പോർട്ട് മന്ത്രിയുടെ ഓഫീസുമായി ബന്ധപ്പെടുത്തി രണ്ട് സ്കാഡുകളും ട്രാൻസ്പോർട്ട് കമ്മീഷണറുടെ ഓഫീസുമായി ബന്ധപ്പെടുത്തി ഒരു സ്കാഡും, എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുമായി ബന്ധപ്പെടുത്തി ഓരോ മൊബൈൽ എൻഫോഴ്സ്മെന്റ് സ്കാഡും, എല്ലാ ഡി.റ്റി.സി.മാരുടെ ഓഫീസിലും ഓരോ ഫ്ളൈയിംഗ് സ്കാഡുകളും കാര്യക്ഷമമായ രീതിയിൽ ഇപ്പോൾ പ്രവർത്തിച്ചുവരുന്നുണ്ട്. വാഹന പരിശോധന ഊർജ്ജിതമാക്കി പാരലൽ സർവ്വീസ് നടത്തുന്നതായി കാണപ്പെടുന്ന വാഹനങ്ങളെ പിടിച്ചെടുത്ത് പിഴ ഈടാക്കി നിയമ നടപടികൾ സ്വീകരിച്ചു വരുന്നു.

(സി) ഇതുമൂലം കെ.എസ്.ആർ.ടി.സി.-യ്ക്ക് നഷ്ടം സംഭവിക്കുന്നുണ്ട്. എന്നാൽ നഷ്ടം എത്രയെന്ന് കൃത്യമായി കണക്കാക്കാൻ കഴിയില്ല.

(ഡി) ആഭ്യന്തര വകുപ്പ് രജിസ്റ്റർ ചെയ്ത കണക്കുകൾ ഇപ്രകാരമാണ്:

1. തിരുവനന്തപുരം——109
2. കൊല്ലം——269
3. ആലപ്പുഴ——5
4. എറണാകുളം——4

കൂടാതെ വിവിധ ആർ.റ്റി.ഒ.മാർ രജിസ്റ്റർ ചെയ്ത ജില്ല തിരിച്ചുള്ള കണക്കുകൾ ശേഖരിച്ചു നൽകുന്നതാണ്.

(ഇ) ഇതിനെക്കുറിച്ച് ആലോചിക്കുന്നതാണ്.

ശ്രീ. ജോസഫ് എം. പുതുശ്ശേരി : സർ, പാരലൽ സർവ്വീസുകൾ വളരെ വ്യാപകമായി നടക്കുന്നുവെന്നാണ് ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയിൽ നിന്ന് വ്യക്തമാകുന്നത്. ആളുകൾക്ക് യാത്രാസൗകര്യത്തിന്റെ അപര്യാപ്തതകൊണ്ടാണോ, അവർ ഉദ്ദേശിക്കുന്ന സമയത്ത് വാഹനസൗകര്യം ലഭിക്കാത്തതു കൊണ്ടാണോ ഇത്തരം സർവ്വീസുകൾ നടക്കുന്നത്; എന്തുകൊണ്ട് ഇങ്ങനെ സംഭവിക്കുന്നു എന്ന് ഒരു പഠനം നടത്തിയിട്ടുണ്ടോ; അത് പരിഹരിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: സർ, ഇതിനെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ട്. യാത്രാസൗകര്യം ഇല്ലാത്തതുകൊണ്ടല്ല. തിരുവനന്തപുരം, കൊല്ലം ജില്ലകളിലാണ് ഏറ്റവും കൂടുതൽ പാരലൽ സർവ്വീസുകളുള്ളത്. അവിടെ സ്വകാര്യ ബസ്സുകൾ ഓടുന്ന റൂട്ടുകളിൽപ്പോലും പാരലൽ സർവ്വീസുകളുണ്ട്. സ്വകാര്യ ബസ്സുകൾ ഇക്കാര്യത്തിൽ കോടതിയെ സമീപിച്ചിട്ടുണ്ട്. ഗവണ്മെന്റിനേയും സമീപിച്ചിട്ടുണ്ട്. യാത്രാ സൗകര്യമില്ലാത്തതുകൊണ്ടല്ല. ഈ പാരലൽ സർവ്വീസുകൾ നടത്തുന്ന വാഹനങ്ങൾക്ക് മറ്റ് ട്രിപ്പുകൾ ഇല്ലാതെ വരുമ്പോൾ അവർ ആളുകളെ കയറ്റി ഓടുകയാണ്. ഇപ്പോൾ കെ.എസ്.ആർ.ടി.സി. ബസ്സ് ഉള്ള സ്ഥലത്ത് മാത്രമല്ല, സ്വകാര്യ ബസ്സുകൾ വളരെ കൂടുതലുള്ള സ്ഥലങ്ങളിൽ പോലും പാരലൽ സർവ്വീസുകൾ നടത്തുന്നുണ്ട്. കൂടുതലും തിരുവനന്തപുരം, കൊല്ലം എന്നീ ജില്ലകളിലാണ് നടക്കുന്നത്. ഈ ജില്ലകളിലെ കൂടുതൽ റൂട്ടുകളും കെ..എസ്.ആർ.ടി.സി.യാണ് നടത്തുന്നത്. ഇപ്പോൾ ഇത് പരിഹരിക്കുന്നതിനുവേണ്ടി പുതിയ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. അതിന്റെ ഫലമായി പാരലൽ സർവ്വീസുകൾ കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്. മിനി ബസ്സുകൾ കൊണ്ടുവന്ന് പാരലൽ സർവ്വീസിനു പകരം അതേ രീതിയിൽ ഓടാൻ തുടങ്ങിയപ്പോൾ കുറേയധികം പാരലൽ സർവ്വീസുകൾ നിർത്തിവയ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്.

ശ്രീ. ജോസഫ് എം. പുതുശ്ശേരി: സർ, ട്രാൻസ്പോർട്ട് മന്ത്രിയുടെ ഓഫീസുമായി ബന്ധപ്പെട്ട് 2 സ്ക്വാഡുകൾ, ട്രാൻസ്പോർട്ട് കമ്മീഷണറുടെ ഓഫീസുമായി ബന്ധപ്പെട്ട് 1 സ്ക്വാഡ്, ആർ.ടി. ഓഫീസുമായി ബന്ധപ്പെടുത്തി മൊബൈൽ എൻഫോഴ്സ്മെന്റ് സ്ക്വാഡ്, എല്ലാ ഡി.റ്റി.സി.കളുടെ ഓഫീസുമായി ബന്ധപ്പെട്ട് ഫ്ളൈയിംഗ് സ്ക്വാഡ്. ഇങ്ങനെ ഒട്ടേറെ സംവിധാനങ്ങൾ ഇത് നിയന്ത്രിക്കുന്നതിനുവേണ്ടി ഏർപ്പെടുത്തിയിട്ടുണ്ട് എന്നാണ് മന്ത്രി മറുപടിയിൽ സൂചിപ്പിച്ചിട്ടുള്ളത്. ഈ നടപടികളൊക്കെ ഏർപ്പെടുത്തിയിട്ടും തിരുവനന്തപുരം, കൊല്ലം ജില്ലകളിൽ രജിസ്റ്റർ ചെയ്തിരിക്കുന്ന കേസുകളുടെ എണ്ണം വളരെ കൂടുതലാണ്. കൊല്ലം 269, തിരുവനന്തപുരം 109, അതിനേക്കാൾ ഏറെയാണ് ഇപ്പോഴും നടന്നുകൊണ്ടിരിക്കുന്നത്. ഇത് ഗൗരവപൂർവ്വം കണ്ടുകൊണ്ട് നടപടി സ്വീകരിക്കുന്നതിനും, പാരലൽ സർവ്വീസ് തടയുന്നതിനും ഫലപ്രദമായി എന്ത് നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : സർ, ഇത് പോലീസ് രജിസ്റ്റർ ചെയ്ത കേസുകളാണ്. മോട്ടോർ വെഹിക്കിൾസ് ഡിപ്പാർട്ടുമെന്റ് രജിസ്റ്റർ ചെയ്ത കേസുകൾ ഇതിനേക്കാൾ എത്രയോ അധികമാണ്. ആയിരക്കണക്കിനാണ്. ഏറ്റവും കൂടുതൽ കേസുകൾ പിടിക്കുന്നത് മോട്ടോർ വെഹിക്കിൾസ് ഡിപ്പാർട്ടുമെന്റാണ്. അവിടെ പിഴ ഈടാക്കി വിടുകയാണ് ചെയ്യുന്നത്. പോലീസിനെ സംബന്ധിച്ചിടത്തോളം രജിസ്റ്റർ ചെയ്യുന്ന കേസുകൾ കോടതിയിൽ വിടുകയും കോടതിയിൽ നിന്ന് ശിക്ഷയും പിഴയും വിധിക്കുകയുമാണ് ചെയ്യുന്നത്. രണ്ടും തമ്മിൽ വ്യത്യാസമുണ്ട്. മോട്ടോർ വെഹിക്കിൾസ് ഡിപ്പാർട്ടുമെന്റിനെ സംബന്ധിച്ചിടത്തോളം കേസുകൾ രജിസ്റ്റർ ചെയ്യുകയല്ല.

അവർ കോമ്പൗണ്ട് ചെയ്ത് വിടുകയാണ്. ആയിരക്കണക്കിന് കേസുകളുണ്ട്. അതുകൊണ്ട് ഇത് ധാരാളം പിടിക്കുന്നുണ്ട്. നമ്മുടെ രാജ്യത്ത് നിയമം ലംഘിച്ചുകൊണ്ട് നടത്തുന്ന കാര്യമാണിത്. അത് കഴിയുന്നിടത്തോളം പിടിക്കാൻ..... .ഉദാഹരണത്തിന് മോട്ടോർ വെഹിക്കിൾസ് ഡിപ്പാർട്ടുമെന്റുതന്നെ കഴിഞ്ഞ 6 മാസമായി പിഴയിനത്തിൽ ഏതാണ്ട് 10 ലക്ഷത്തോളം രൂപ പാരലൽ സർവ്വീസ് നടത്തുന്ന വാഹനങ്ങളിൽ നിന്നും ഈടാക്കിയിട്ടുണ്ട്. വളരെ കർശനമായി ഇത് നടത്തുന്നുണ്ട്. പക്ഷെ, തിരുവനന്തപുരം ജില്ലയിലുള്ളത് രണ്ടു മൂന്നു സ്കാഡുകളാണ്. ഈ സ്കാഡിന് എല്ലായിടത്തും പോയി ഒരേ ദിവസംതന്നെ ഇതെല്ലാം പിടിക്കുക എന്നത് അസാദ്ധ്യമാണ്. അവർ ചെല്ലുന്ന ദിവസം ആ റൂട്ടിൽ ഓടിക്കുകയില്ല. അവർ പോയിക്കഴിയുമ്പോൾ പിന്നെയും ഓടും. ഇത് കോമ്പൗണ്ട് ചെയ്താൽ മതിയല്ലോ. അതുകൊണ്ട് വളരെ വിപുലമായ സജ്ജീകരണവും പോലീസിന്റെ വളരെ സജീവമായ സാന്നിദ്ധ്യവും ഇല്ലെങ്കിൽ എല്ലാ റൂട്ടുകളിലും ഇത് പിടിക്കുകയും നടപടികൾ സ്വീകരിക്കുകയും ചെയ്യാൻ ബുദ്ധിമുട്ടുണ്ട്.

ശ്രീ. തോമസ് ഉണ്ണിയാടൻ: സർ, അങ്ങയുടെ മറുപടിയിൽ തിരുവനന്തപുരം ജില്ലയിൽ 109-ഉം, കൊല്ലം ജില്ലയിൽ 269-ഉം ആലപ്പുഴ, എറണാകുളം എന്നീ ജില്ലകളിൽ 5, 4 എന്നീ നിലകളിലാണ് കേസുകൾ എടുത്തിട്ടുള്ളതെന്ന് പറഞ്ഞു. മറ്റു ജില്ലകളെ സംബന്ധിച്ചിടത്തോളം കണക്കുകളൊന്നും അങ്ങയുടെ റിപ്പോർട്ടിൽ കാണുന്നില്ല. എന്റെ ചോദ്യം തിരുവനന്തപുരം , കൊല്ലം ജില്ലകൾ നാഷണലൈസ്ഡ് റൂട്ടുകളാണെന്ന് അങ്ങ് പറയുകയുണ്ടായി. നാഷണലൈസ്ഡ് റൂട്ടുകളിൽ ഉണ്ടാകുന്ന യാത്രാ ക്ലേശം കൂടുതലാണെന്നല്ലേ ഈ നമ്പർ കാണിക്കുന്നത്. അങ്ങനെയുള്ള സാഹചര്യത്തിൽ നാഷണലൈസ്ഡ് റൂട്ടുകളിൽ ആണ് കൂടുതൽ യാത്രാ ക്ലേശമെന്ന് മനസ്സിലാക്കിക്കൊണ്ട് അങ്ങിവിടെ സൂചിപ്പിച്ചതുപോലെ ചെറിയ വണ്ടികൾ പോലെയുള്ള സംവിധാനം ചെയ്തുകൊണ്ട് നാഷണലൈസ്ഡ് റൂട്ടുകളിലെ യാത്രാ ക്ലേശം പരിഹരിക്കാൻ പാരലൽ സർവ്വീസിനെ ആശ്രയിക്കുന്ന സാഹചര്യം ഒഴിവാക്കാൻ ശക്തമായ എന്തെങ്കിലും നടപടി സ്വീകരിക്കാൻ കഴിയുമോ ?

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : സർ, എന്റെ ഓർമ്മ ശരിയാണെങ്കിൽ തിരുവനന്തപുരം ജില്ലയിൽ 150-ലധികം ചെറിയ ബസ്സുകൾ പാരലൽ സർവ്വീസിനെതിരെ ഓടിക്കാൻ തുടങ്ങിയിട്ടുണ്ട്. കുറെ ഫലപ്രദമാണ്. ഏറ്റവും കൂടുതലുള്ളത് നെയ്യാറ്റിൻകര, വിഴിഞ്ഞം, പൂവാർ, നെടുമങ്ങാട്, കാട്ടാക്കട, കണിയാപുരം ഇങ്ങനെയുള്ള സ്ഥലങ്ങളിലേക്കാണ്. ഇത് കുറച്ച് ഫലപ്രദമായി പാരലൽ സർവ്വീസിനെ നേരിടുന്നുണ്ട്. സഹകാര്യ ബസ്സുകൾ ഓടുന്നിടത്ത് ബസ് ഉടമസ്ഥരും ജീവനക്കാരും സംഘടിച്ച് പാരലൽ സർവ്വീസുകൾ തടയും. കെ.എസ്.ആർ.ടി.സി.യെ സംബന്ധിച്ചിടത്തോളം അങ്ങനെ ഒരു സംവിധാനത്തിന് ആരും തയ്യാറല്ല. ജീവനക്കാർ അതിന് തയ്യാറാവുകയില്ല. അതിന്റെ ബുദ്ധിമുട്ടുണ്ട്. ജീവനക്കാരും, പോലീസ് ഉദ്യോഗസ്ഥരും, മോട്ടോർ വെഹിക്കിൾസ് ഡിപ്പാർട്ട്മെന്റിലെ ഉദ്യോഗസ്ഥന്മാരും നടത്തുന്ന പാരലൽ സർവ്വീസുകളുണ്ട്. ഇത്

LIBRARY ARCHIVES Kerala Legislative Assembly

പറയുന്നതിൽ അപമാനമുണ്ട്. ഡോ. നീലൻ പറഞ്ഞതുകൊണ്ടാണ് ഞാനിത് പറയുന്നത്. അദ്ദേഹം മന്ത്രിയായിരുന്ന ആളാണ്. അദ്ദേഹത്തിന്റെ നാട്ടിലും ഇത് ഉള്ളതുകൊണ്ടാണ് പറയുന്നത്. ഇത് വളരെകാലമായി നടന്നുകൊണ്ടിരിക്കുന്നതാണ്. വാഹനങ്ങൾ വാങ്ങും. മറ്റ് ജോലി ഇല്ലാതെ വരുമ്പോൾ അത് പാരലൽ സർവ്വീസായി ഓടിക്കുകയാണ് ചെയ്യുന്നത്. ഇതിന് സംഘടിതമായ ശക്തിയുണ്ട്. യൂണിയനുണ്ടാക്കിയിട്ടുണ്ട്. വളരെ സംഘടിതമായി യൂണിയനുണ്ടാക്കി പോലീസിനേയും മോട്ടോർ വെഹിക്കിൾസ് ഡിപ്പാർട്ട്മെന്റിലെ ഉദ്യോഗസ്ഥന്മാരേയും തടയും. ഈ ക്രമക്കേട് പിടിക്കാൻ ചെല്ലുന്നവരെ ദേഹോപദ്രവമേൽപ്പിച്ച കേസുവരെ ഉണ്ടായിട്ടുണ്ട്. ഇതൊരു സംഘടിത ശക്തിയാണ്. ആരാണെന്നൊന്നും ഞാൻ പറയുന്നില്ല. ഇതിനും യൂണിയൻ ഉണ്ടാക്കിയിട്ടുണ്ട്. നിയമവിരുദ്ധമായ കാര്യങ്ങൾ പറയാൻ യൂണിയനുള്ള സംസ്ഥാനമാണ് നമ്മുടേത്. തിരുവനന്തപുരം, കൊല്ലം ജില്ലകളിൽ പോലീസെടുത്ത കേസുകളാണ് അങ്ങ് പറഞ്ഞിരിക്കുന്നത്. എന്നാൽ മോട്ടോർ വെഹിക്കിൾസ് ഡിപ്പാർട്ടുമെന്റെടുത്ത കേസുകൾ ആയിരക്കണക്കിനുണ്ട്. അതിന്റെ കണക്കുകൾ ശേഖരിച്ചുവരുന്നതേയുള്ളു. ഏതായാലും ഈ പ്രശ്നം ഫലപ്രദമായി നേരിടുമെന്നുള്ളത് വേറെ കാര്യം. ഹൈക്കോടതിയിൽ നിന്ന് ഇതുസംബന്ധിച്ച മൂന്ന് വിധികൾ ഉണ്ടായിട്ടുണ്ട്. അവസാനം ഹൈക്കോടതിയുടെ ജസ്റ്റീസ് ശിവരാജന്റെ ഏറ്റവും ഒടുവിലത്തെ വിധിയിൽ ഗവണ്മെന്റിനോട് പാരലൽ സർവ്വീസുകൾ പൂർണ്ണമായും അവസാനിപ്പിക്കണമെന്ന് താക്കീതായിട്ട് പറഞ്ഞിരിക്കുകയാണ്. അവസാനം കൺടെംപ്റ്റ് പോയപ്പോൾ അതിനെതിരായിട്ടുള്ള വിധി നടപ്പിലാക്കാനുള്ള മെഷിനറി നമുക്ക് പൂർണ്ണമായുമില്ല.

ശ്രീ. തോമസ് ഉണ്ണിയാടൻ : സർ, അങ്ങയുടെ മറുപടി ഏറ്റവും ദു:ഖകരമായാണ് ശ്രവിച്ചത്. കാരണം പോലീസും കെ.എസ്.ആർ.ടി. സി.യും സംയുക്തമായിട്ട് ഈ കാര്യത്തിന് കൂട്ടുനിൽക്കുന്നു. മോട്ടോർവെഹിക്കിൾസ് ഡിപ്പാർട്ടുമെന്റ് ഇതിന് കൂട്ടുനിൽക്കുന്നുവെന്നുള്ളത് ഏറ്റവും ആക്ഷേപകരമാണ്. ഇത് നിയന്ത്രിക്കുക എന്നത് ചെറിയകാര്യമല്ലായെന്ന് അങ്ങയുടെ മറുപടിയിൽ നിന്ന് മനസ്സിലായി. എന്തായാലും ഇങ്ങനെ ഒരു അവസ്ഥയിൽ പകച്ചുനിൽക്കുക എന്നുള്ളതല്ല ജനാധിപത്യ ഭരണ സംവിധാനമുള്ള സ്ഥലത്ത് ആവശ്യം. വളരെ ശക്തമായ നിലയിൽ ഇതിന്റെ പഴുതുകൾ അടച്ച് പാരലൽ സർവ്വീസിനെ നിയന്ത്രിക്കണം. ടെമ്പോ വാഹനങ്ങൾക്കൊക്കെ പെർമിറ്റുള്ളത് യാത്രക്കാരെ കൊണ്ടു പോകാനാണ്, അതിനൊക്കെയുള്ള ധാരാളം പഴുതുകൾ ഉപയോഗിച്ചുകൊണ്ടാണ് പാരലൽ സർവ്വീസുകൾ നടത്തുന്നത്. ഇതിന് കൂട്ടു നിൽക്കുന്ന പോലീസും മോട്ടോർ വെഹിക്കിൾസ് ഡിപ്പാർട്ടുമെന്റും എല്ലാംകൂടി ചേരുമ്പോൾ ഇതിൽ നിയന്ത്രണം ഏർപ്പെടുത്താൻ പറ്റാത്ത അവസ്ഥയാണ്. നിയമത്തിലെ പഴുതുകൾ അടച്ച് ജനാധിപത്യ ഭരണ സംവിധാനം എന്ന നിലയ്ക്ക് നിയമം കർക്കശമായി നടപ്പിലാക്കാൻ അങ്ങ് മുൻകൈയെടുത്ത് നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: സർ, ഇതിന് ഏറ്റവും പ്രധാനമായിട്ടുള്ള കാര്യം ആവശ്യമായ സ്റ്റാഫ് വേണമെന്നുള്ളതാണ്. മോട്ടോർ വെഹിക്കിൾസ് ഡിപ്പാർട്ടുമെന്റിൽ ആളുകളെ റിക്രൂട്ട് ചെയ്യുന്നത് പി.എസ്.സി.യാണ്. കഴിഞ്ഞ രണ്ടു വർഷമായി പി.എസ്.സി.യോട് എ.എം.വി.ഐ.-മാരെ എടുത്തുതരാൻ പറഞ്ഞിട്ട് കിട്ടിയില്ല. അതുകൊണ്ട് സ്കാഡ് പേരിനേയുള്ളൂ. സ്റ്റാഫിനെ കിട്ടിയിട്ടില്ല, 100-ഓളം ഒഴിവുകളുണ്ട്. പി.എസ്.സി. വളരെ താമസിയാതെ ആളിനെ തരുമെന്ന് വിശ്വസിക്കുന്നു. അങ്ങനെ തന്നാൽ നിലവിലുള്ള സംവിധാനം കുറച്ചുകൂടി ഇഫക്ടീവായിട്ട് മാറ്റാം. എല്ലാ ജില്ലയിലും ഇപ്പോൾ സ്കാഡ് ആയിട്ടുണ്ട്. നിയമനിഷേധം അവസാനിപ്പിക്കുന്നതിന് കുറേക്കൂടി സ്റ്റാഫിനേയും, കുറേക്കൂടി സ്കാഡിനേയും ഏർപ്പെടുത്താം. പോലീസ് കുറേക്കൂടി അലർട്ട് ആകുന്നതിനുവേണ്ടി പോലീസ് വകുപ്പുമായി ആലോചിച്ച് വേണ്ട നടപടികൾ സ്വീകരിക്കുന്നുണ്ട്.

മി. സ്പീക്കർ : ജനങ്ങൾക്ക് ഇത് കൂടുതൽ സൗകര്യമല്ലേ?

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : അല്ല. അതൊരു തെറ്റിദ്ധാരണയാണ്. കാരണം ജനങ്ങളെ തിക്കിത്തെരുക്കിയാണ് ഈ വാഹനങ്ങൾ പോകുന്നത്. ജനങ്ങൾക്ക് ഇത് സൗകര്യമാണെങ്കിൽ മറ്റേത് വേണ്ടെന്ന് വയ്ക്കണം. ജനങ്ങൾക്ക് സൗകര്യമല്ല.

ശ്രീ. സ്റ്റീഫൻ ജോർജ് : സർ, അങ്ങയുടെ മറുപടിയിൽ മിനി ബസ് സർവ്വീസ് ആരംഭിച്ചതുകൊണ്ട് പാരലൽ സർവ്വീസുകളെ നിയന്ത്രിക്കുവാൻ കഴിഞ്ഞുവെന്ന് സൂചിപ്പിക്കുകയുണ്ടായി. തീർച്ചയായിട്ടും ശരിയാണെന്ന് ഞാൻ വിശ്വസിക്കുകയാണ്. മിനിബസ് സർവ്വീസ് ആരംഭിച്ചപ്പോൾ ഞങ്ങൾ ആകാംക്ഷയോടെ കാത്തിരുന്നു. നമ്മുടെ നാട്ടിലൊക്കെ തരാമെന്നുപറഞ്ഞു. നമ്മുടെ നാട്ടിൽ മിനി ബസ് കാണുന്നത് വളരെ കൗതുകമുള്ള കാര്യമാണ്. പക്ഷേ തന്നില്ല. അതിൽ സങ്കടമുണ്ട്. ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല. ഒരുകാര്യം സൂചിപ്പിക്കട്ടെ, ഈ മിനിബസ് ആരംഭിച്ചതുകൊണ്ട് പാരലൽ സർവ്വീസുകൾ ഏകദേശം പൂർണ്ണമായി നിർത്താൻ കഴിഞ്ഞിരുന്നു. പാരലൽ സർവ്വീസ് നടത്തുന്നതിൽ ഉദ്യോഗസ്ഥന്മാരുടെ ഇടപെടൽ ഉണ്ടെന്നും അവർതന്നെ നേരിട്ട് നടത്തുന്നതുണ്ടെന്നും അങ്ങ് തന്നെ സൂചിപ്പിച്ചു. ഒരുപക്ഷേ ഉദ്യോഗസ്ഥന്മാർ ഇടപെട്ടായിരിക്കാം വെഞ്ഞാറമൂട് പത്ത് സർവ്വീസ് ഉണ്ടായിരുന്നതിൽ രണ്ടുമൂന്ന് സർവ്വീസ് കുറച്ചത്. അത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അതിന് പരിഹാരമുണ്ടാക്കുവാൻ സാധിക്കുമോ?

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : സർ, ഒന്നും കുറച്ചിട്ടില്ല. വെമ്പായം-മെഡിക്കൽകോളേജിലാണ് ഈ പറയുന്ന വണ്ടികൾ ഓടുന്നത്. ഓടിക്കൊണ്ടിരിക്കുന്ന ഒരു മിനിബസ്സും കുറച്ചിട്ടില്ല. നെയ്യാറ്റിൻകര, നെടുമങ്ങാട് താലൂക്കുകളിലാണ് ഈ ബസ്സുകൾ കൂടുതലായി ഓടുന്നത്. ബസ്സുകളുടെ എണ്ണം വർദ്ധിച്ചിട്ടേയുള്ളൂ. മറ്റൊരു പ്രശ്നമുള്ളത്, എല്ലായിടത്തും മിനിബസ് ഓടിക്കുവാൻ കഴിയില്ല. വലിയ ബസ്സിന്റേയും ചെറിയ ബസ്സിന്റേയും ഓട്ടം സംബന്ധിച്ച എസ്റ്റാബ്ലിഷ്മെന്റ് ചാർജ് ഒന്നാണ്. ആ എസ്റ്റാബ്ലിഷ്മെന്റിൽ ചെറിയ ബസ്സുകൾ

ഓടിക്കുന്നതിന് കെ.എസ്.ആർ.ടി.സി.-ക്ക് ബുദ്ധിമുട്ടുണ്ട്. ചെലവ് രണ്ടും ഒന്നാണ്. ഈ നിയമസഭാ സമ്മേളനം തുടങ്ങിയ അന്നുതന്നെ പലരും, വലിയ ബസ്സുകൾ ഓടാൻ കഴിയാത്ത ഹൈറേഞ്ച് മേഖലയിലും വലിയ ബസ്സുകൾ ഓടാൻ കഴിയാത്ത ദേശസാൽകൃത റൂട്ടുകളിലും മിനിബസ് ഓടിക്കുന്നതിനെപ്പറ്റി പറഞ്ഞു. ആ കാര്യം നമുക്ക് ആലോചിക്കാം.

ശ്രീ. സ്റ്റീഫൻ ജോർജ്: സർ, പാരലൽ സർവ്വീസുകളിലെ പ്രധാനമായ പ്രശ്നം അമിതമായി ആളുകളെ കുത്തിനിറച്ച് ഫുട്ട്ബോർഡിൽവരെ നിർത്തിക്കൊണ്ടുള്ള യാത്രമൂലം ധാരാളം അപകട സാദ്ധ്യതകളുണ്ടാകുന്നുവെന്നതാണ്. അത് നിയന്ത്രിക്കുവാൻ കർശന നടപടി സ്വീകരിക്കണം. ഒന്നോ രണ്ടോ പ്രാവശ്യം താക്കീത് കൊടുത്തിട്ട് വീണ്ടും ഇത് ആവർത്തിക്കുന്നുവെങ്കിൽ ഡ്രൈവറുടെ ലൈസൻസ് കട്ട് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: സർ, നിയമപ്രകാരം ധാരാളം ബുദ്ധിമുട്ടുള്ള കാര്യമാണ്. ഓവർലോഡ് എന്ന കാരണംകൊണ്ട് ഡ്രൈവറുടെ ലൈസൻസ് റദ്ദ് ചെയ്യാൻ ഇൻഡ്യയിലെ മോട്ടോർ വാഹന നിയമത്തിൽ വ്യവസ്ഥയില്ല. അപകടങ്ങൾ ഉണ്ടാകുന്നതിന്റെ പേരിലും അതിന് വ്യവസ്ഥയില്ല. അങ്ങനെ ഉണ്ടാകണമെങ്കിൽ, കേസ് കോടതിയിൽപ്പോയി judicial verdict ഉണ്ടാകാതെ ലൈസൻസ് റദ്ദുചെയ്യാൻ ബുദ്ധിമുട്ടുണ്ട്. ആറ് മാസത്തേയ്ക്ക് ലൈസൻസ് റദ്ദ് ചെയ്യണമെങ്കിൽ, അല്ലെങ്കിൽ ഒരു കൊല്ലത്തേയ്ക്ക് ലൈസൻസ് റദ്ദുചെയ്യണമെങ്കിൽ കോടതി പറയണം. എന്നാലേ അങ്ങനെ ചെയ്യുവാൻ കഴിയൂ. ഇത് സംബന്ധിച്ച് നിയമം ഉണ്ടാക്കണമെങ്കിൽ കേന്ദ്രം അനുവദിച്ചാലേ പറ്റൂ. ഇത് കൺകറന്റ് ലിസ്റ്റിൽപെടുന്നതാണ്. ഇങ്ങനെയുള്ള കാര്യങ്ങൾ കേരളത്തിൽനിന്ന് എഴുതി അയയ്ക്കുന്നത് കേന്ദ്രം അനുവദിക്കുന്നില്ല; കേരളത്തിന്റെ പ്രത്യേക സാഹചര്യം അവർ കാണുന്നില്ല. അവർ മറ്റ് സംസ്ഥാനങ്ങളുടെ സാഹചര്യം വച്ചുകൊണ്ട് കേരളത്തേയും കാണുന്നതുകൊണ്ട് നമുക്ക് ബുദ്ധിമുട്ടുണ്ട്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, പാരലൽ സർവ്വീസ് കെ.എസ്. ആർ.ടി.സി.ക്കും സ്വകാര്യ ബസ് വ്യവസായത്തിനും ഭീഷണിയായി മാറിയിരിക്കുകയാണ്. പക്ഷേ നാട്ടുകാർക്ക് അറിഞ്ഞുകൂടാ ഏതാണ് യഥാർത്ഥ ബസ്സെന്ന്. ബസ് കാത്തുനിൽക്കുന്നവർ കാണുന്ന ബസ്സിൽ കയറുകയാണ്. ഇതിന് പ്രധാന കാരണം ഓരോ റൂട്ടിലും ആവശ്യമുള്ള സമയത്ത് ബസ് ഇല്ല എന്നതാണ്. ബസ്സിന്റെ സമയക്രമം നിശ്ചയിക്കുന്ന കമ്മിറ്റിയിൽ ആരാണോ ശക്തമായി വാദിക്കുന്നത് അവർക്ക് സമയം നിശ്ചയിച്ച് കൊടുക്കുകയാണ്. അതുകൊണ്ട് സമയം കൊടുക്കുന്ന ഇന്നത്തെ നടപടിക്രമം മാറ്റി ഇന്നയിന്ന റൂട്ടിൽ ഇന്നയിന്ന സമയത്ത് ബസ് ഉണ്ടാകുമെന്ന് ആളുകൾക്ക് മനസ്സിലാകുന്ന വിധത്തിൽ ഒരു മെക്കാനിസം ഉണ്ടാക്കുവാൻ ഗവൺമെൻറ് എന്തെങ്കിലും ചെയ്യുമോ?

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : അങ്ങനെയൊരു മെക്കാനിസമുണ്ട്. എറണാകുളം പോലുള്ള സ്ഥലങ്ങളിൽ സമയം നിശ്ചയിച്ചിരിക്കുന്നത് അരമിനിട്ട് ഇടവിട്ടാണ്. 24 മണിക്കൂറേയുള്ളൂ. അതിൽ 9 മണിക്കൂർ വണ്ടികൾ നിർത്തും.

LIBRARY ARCHIVES Kerala Legislative Assembly

ഈ വണ്ടികൾക്ക് ട്രിപ്പാണ്. ഓരോ ട്രിപ്പ് കൊടുത്തിരിക്കുന്നത് അര, മുക്കാൽ മിനിറ്റ് ഇടവിട്ടാണ്. മുക്കാൽ മിനിട്ടിൽ ചിലപ്പോൾ രണ്ട് വണ്ടികൾ ഒരുമിച്ച് കയറും. അങ്ങനെയാണ് അപകടങ്ങളുണ്ടാകുന്നത്. പെർമിറ്റ് കൊടുക്കുന്നതിന് നമ്മുടെ നിയമം അനുസരിച്ച് യാതൊരു നിയന്ത്രണവുമില്ല. ടാക്സുള്ള വണ്ടിയു മായി ആരുവന്ന് ചോദിച്ചാലും shall be given എന്നാണ് പെർമിറ്റ് വ്യവസ്ഥ. കൊടുത്തേ തീരൂ. ആ ആക്ട് ഭേദഗതി ചെയ്യണമെന്ന് കേരള ഗവൺമെന്റ് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തും ഇപ്പോഴും ട്രാൻസ്പോർട്ട് വകുപ്പുമന്ത്രിമാ രുടെ സമ്മേളനത്തിൽ കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടു. കേരളംപോലുള്ള സംസ്ഥാനത്ത് ഇത് പറ്റില്ല. പക്ഷേ കേന്ദ്ര ഗവൺമെന്റ് ആക്ട് ഭേദഗതി ചെയ്യാൻ തയ്യാറാകുന്നില്ല. ഇനി കുറച്ചുകൂടി കഴിഞ്ഞാൽ ടൈം നിശ്ചയിക്കു വാൻ ടൈം ഇല്ലാതെവരും. അങ്ങനെയൊരു ബുദ്ധിമുട്ടിലേയ്ക്ക് പോകും. എറണാകുളം, തലശ്ശേരി, കണ്ണൂർ പോലുള്ള സ്ഥലങ്ങളിൽ ടൈം നിശ്ചയിക്കുന്നത് അര-മുക്കാൽ മിനിട്ട് ഇടവിട്ടാണ്. അത് അഡ്ജസ്റ്റ് ചെയ്തുപോകുവാൻ ആര് വിചാരിച്ചാലും സാധിക്കുകയില്ല. എവിടെയെങ്കിലും ബ്രേക്ക് ചെയ്താൽ സമയം പോകും. അതാണ് ഇതിന്റെ ബുദ്ധിമുട്ട്. ഈ നിയമം മാറ്റി അത്യാവശ്യമുള്ള വാഹനംമാത്രം ഓരോ റൂട്ടിലും ഓടിക്കുവാൻ ഒരു വ്യവസ്ഥ വന്നില്ലെങ്കിൽ ഈ കാര്യങ്ങൾ നേരെ നടത്താൻ ബുദ്ധിമുട്ടുണ്ടാകും.

ശ്രീ. അടൂർ പ്രകാശ്: സർ, പാരലൽ സർവ്വീസ് നടത്തി കെ.എസ്.ആർ.ടി.സി.ക്ക് നഷ്ടമുണ്ടാകുന്നുവെന്നാണ് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞത്. ഇതൊരു സർവ്വീസ് സെക്ടറായിട്ടാണല്ലോ എടുത്തിരിക്കുന്നത്? ഒറ്റപ്പെട്ട മലയോര പ്രദേശങ്ങളിലൊക്കെ ഇപ്പോൾ കെ.എസ്.ആർ.ടി.സി. ഒന്നും രണ്ടും സർവ്വീസുക ളൊക്കെ ചിലപ്പോൾ അനുവദിച്ചുതരാറുണ്ട്. അത്തരം സർവ്വീസുകൾ നടത്തുന്ന മേഖലകളിൽ സ്ഥിരമായി അത് ഓടിക്കാറില്ല. കെ.എസ്.ആർ.ടി.സി. രണ്ട് ദിവസം ഓടിയാൽ ബാക്കിയുള്ള അഞ്ച് ദിവസം ഓടില്ല. അതുകൊണ്ടുവരുന്ന കുഴപ്പം ഈ പാരലൽ സർവ്വീസിനെ ജനങ്ങൾക്ക് ആശ്രയിക്കേണ്ടതായിവരുന്നു എന്നതാണ്. പലപ്പോഴും ഇത് ചില ഉദ്യോഗസ്ഥർ കാണിക്കുന്ന കള്ളക്കളി യുടെ ഫലമാണ്. കള്ളക്കളി എന്നുപറയുന്നത് അങ്ങേയ്ക്ക് മനസ്സിലാകുമെന്ന് വിശ്വസിക്കുന്നു. അങ്ങനെ പാരലൽ സർവ്വീസുകൾക്ക് പ്രോൽസാഹനം കൊടു ക്കുന്ന അവസ്ഥാവിശേഷം നമ്മുടെ സംസ്ഥാനത്ത് ഉണ്ടായിക്കൊണ്ടിരിക്കുന്നു. തണ്ണിത്തോട് പോലുള്ള മേഖലകളിൽ ഇന്ന് അനുവദിച്ചിട്ടുള്ള സർവ്വീസുകൾ സ്ഥിരമായി ഓടിക്കാറില്ല. കെ.എസ്.ആർ.ടി.സി.ക്ക് നഷ്ടമായതുകൊണ്ട് ഓടിക്കു വാൻ കഴിയില്ല എന്ന മറുപടിയാണ് സ്ഥിരമായി കിട്ടാറുള്ളത്. ഇത്തരം സംഭവ ങ്ങളെക്കുറിച്ച് പഠിച്ച് ഇത്തരം മേഖലയിൽ പാവപ്പെട്ട ആളുകൾക്ക്, ഒരു സർവ്വീസ് സെക്ടർ എന്ന നിലയിൽ കെ.എസ്.ആർ.ടി.സി. തന്നെ സർവ്വീസ് നടത്തുന്നതിനുവേണ്ട നടപടി സ്വീകരിക്കുവാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ തിൽ ഭാഗികമായി ശരിയുണ്ട്. ഒറ്റപ്പെട്ട സ്ഥലത്തുള്ള സർവ്വീസുകൾ ഒരുകാരണ വശാലും ക്യാൻസൽ ചെയ്യരുതെന്നാണ് കെ.എസ്.ആർ.ടി.സി.ക്ക് ഗവൺമെന്റ് കൊടുത്ത നിർദ്ദേശം. പക്ഷേ പലതും ക്യാൻസൽ ചെയ്യുന്നുണ്ട്. വാഹന

LIBRARY ARCHIVES Kerala Legislative Assembly

ത്തിന്റെ കുറവില്ല. ആവശ്യംപോലെ വാഹനമുണ്ട്. സ്റ്റാഫിന്റെ കുറവില്ല. സ്റ്റാഫുമുണ്ട്. ഓപ്പറേറ്റ് ചെയ്യുന്ന ജില്ലകളിൽ അവ ഓപ്പറേറ്റു ചെയ്യുന്നതിലുണ്ടാകുന്ന ബുദ്ധിമുട്ടാണ്. ഈ കാര്യത്തിൽ നടപടി സ്വീകരിക്കുക എന്നത് വളരെ ബുദ്ധിമുട്ടുള്ള കാര്യമാണ്.

ശ്രീ. അടൂർ പ്രകാശ് : അങ്ങനെ പറഞ്ഞാൽ ഞങ്ങൾ ആരെയാണ് സമീപിക്കേണ്ടത്?

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : നിങ്ങൾ ഗവൺമെന്റിനെയാണ് സമീപിക്കേണ്ടത്. അല്ലാതെ മാർഗ്ഗമില്ല. പക്ഷേ ഒരുഘട്ടം കഴിഞ്ഞുപോയാൽ ഈ കാര്യത്തിൽ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്മാരുടെ പേരിലോ, ജീവനക്കാരുടെ പേരിലോ നടപടി എടുത്താൽ അത് വളരെ ബുദ്ധിമുട്ടുണ്ടാക്കും. അത് അങ്ങേയ്ക്ക് മനസ്സിലാകും. അങ്ങേയ്ക്ക് മനസ്സിലായിക്കാണുമെന്നാണ് എന്റെ വിശ്വാസം. കൂടുതൽ വാഹനങ്ങൾ ഓടുന്ന സ്ഥലത്ത് ക്യാൻസൽ ചെയ്താലും ഒറ്റപ്പെട്ട വാഹനങ്ങൾ ഓടുന്ന സ്ഥലത്ത് ക്യാൻസൽ ചെയ്യരുതെന്ന് കർശനമായ നിർദ്ദേശം കെ.എസ്.ആർ.ടി.സി.ക്ക് കൊടുത്തിട്ടുണ്ട്. ഏതായാലും അങ്ങയുടെ പരാതി ഇന്നുതന്നെ അന്വേഷിക്കാം. തണ്ണിത്തോട് മുതലായ പ്രദേശങ്ങളിൽ വണ്ടി ഓടുന്നില്ലെങ്കിൽ അത് കർശനമായി, കൃത്യമായി ഓടിക്കുന്നതിന് നിർദ്ദേശം കൊടുക്കാം.

ഡോ. എ. നീലലോഹിതദാസൻ നാടാർ: സർ, അങ്ങിവിടെ പറഞ്ഞ മറുപടിയിൽ നിന്ന് ദേശസാൽകൃത മേഖലകളിലാണ് കൂടുതൽ പാരലൽ സർവ്വീസ് നടക്കുന്നതെന്ന കാര്യം വ്യക്തമാണ്. ദേശസാൽകൃതമേഖലയിൽ മാത്രം ഓടിക്കുന്ന വാഹനങ്ങൾ, വിഴിഞ്ഞം, നെയ്യാറ്റിൻകര, പാറശ്ശാല, വെള്ളറട, കാട്ടാക്കട, പാപ്പനംകോട് തുടങ്ങിയ ഡിപ്പോകളിൽ നിന്ന് അടുത്ത കാലത്ത് ഷെഡ്യൂളുകൾ വളരെയധികം കുറച്ചിരിക്കുകയാണ്. ഉള്ള ഷെഡ്യൂളുകൾ തന്നെ ഓടിക്കുന്നില്ല. ഇത് പാരലൽ സർവ്വീസുകളുടെ വർദ്ധനവിന് വഴിയൊരുക്കുമെന്നുള്ളതുകൊണ്ട് അങ്ങ് പ്രത്യേക ശ്രദ്ധ കേന്ദ്രീകരിച്ചുകൊണ്ട് ഷെഡ്യൂളുകൾ കൃത്യമായി ഓടിക്കുന്നതിനും നിർത്തലാക്കിയ ഷെഡ്യൂളുകൾ വീണ്ടും ആരംഭിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: സർ, രണ്ടു ദിവസം മുമ്പ് ബഹുമാനപ്പെട്ട അംഗം ഈ കാര്യം പറഞ്ഞതനുസരിച്ച് ഞാൻ ഉദ്യോഗസ്ഥന്മാരുമായി ചർച്ച ചെയ്തു. ഷെഡ്യൂളുകൾ ഒന്നും നിർത്തിയിട്ടില്ല. ട്രിപ്പുകളും നിർത്തിയിട്ടില്ല എന്നാണ് അവർ അറിയിച്ചിട്ടുള്ളത്. തീർച്ചയായും ഒന്നുകൂടി ഈ കാര്യം അവരുമായി ചർച്ച ചെയ്യാം. ദേശസാൽകൃത മേഖലയിൽ 10 രൂപയിൽ താഴെ കളക്ഷൻ കിട്ടിയാൽപ്പോലും ഒരു ഷെഡ്യൂളും നിർത്തരുതെന്നാണ് ഗവൺമെന്റ് നിർദ്ദേശം. എവിടെയെങ്കിലും അതിന് വ്യത്യാസമായിട്ടുണ്ടെങ്കിൽ നമുക്ക് പരിഹരിക്കാം.

ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ: സർ, ദേശസാൽകൃത റൂട്ടുകളിൽ തൃശൂർ ജില്ലയിൽ ഏറ്റവുമധികം ബുദ്ധിമുട്ടനുഭവിക്കുന്ന പ്രദേശമാണ് ആമ്പല്ലൂർ-ചാലക്കുടി മേഖല. ഏറ്റവും കൂടുതൽ പാരലൽ സർവ്വീസ് നടത്തുന്നത് അവിടെയാണ്. മിനി ബസ് രണ്ടോ മൂന്നോ സർക്കുലറായിട്ട് റൂട്ട് നിശ്ചയിച്ച് ആ പ്രദേശങ്ങളിൽ ഓടിക്കാൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: സർ, സ്വകാര്യബസ് ഓടാത്ത സ്ഥലമാണെങ്കിൽ തീർച്ചയായിട്ടും സ്വീകരിക്കാം. എനിക്ക് റൂട്ട് മനസ്സിലായില്ല. പക്ഷേ ചാലക്കുടി, അങ്കമാലി, ആലുവ മേഖലകളിൽ പാരലൽ സർവ്വീസ് ഓടിക്കുന്നതിന് യാതൊരു ന്യായീകരണവുമില്ല. രണ്ടു മിനിറ്റിലൊരിക്കൽ കെ.എസ്.ആർ.ടി.സി. ബസ്സോ പ്രൈവറ്റ് ബസ്സോ ഓടിക്കൊണ്ടിരിക്കുന്ന സ്ഥലമാണ് ഈ പറയുന്ന മേഖല. നാഷണൽ ഹൈവേയാണ്.

ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ: സർ, ആമ്പല്ലൂർ-ചാലക്കുടി മേഖലയാണ്.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: ആമ്പല്ലൂർ-ചാലക്കുടി നാഷണലൈസ്ഡ് റൂട്ടാണെങ്കിൽ അങ്ങ് എഴുതി തന്നാൽ തീർച്ചയായിട്ടും പരിശോധിക്കാം.

ഡോ. കെ. സി. ജോസഫ്: സർ, പാരലൽ സർവ്വീസ് ഉള്ളിടത്ത് സ്വകാര്യ മേഖലയിലെ ആളുകൾ തടഞ്ഞുനിർത്തുകയൊക്കെ ചെയ്യുമെന്ന് പറയുകയുണ്ടായി. മിനി ബസ്സുകൾ ഓടിക്കുന്നുണ്ടെന്ന് പറയുകയുമുണ്ടായി. ജനങ്ങൾ തന്നെ സഹകരിച്ച് കെ.എസ്.ആർ.ടി.സി. ബസ്സുകൾ ഓടാൻ സൗകര്യമുണ്ടാക്കണമെന്ന് ആവശ്യപ്പെടുകയും കെ.എസ്.ആർ.ടി.സി.-ക്ക് കളക്ഷൻ കുറയാതിരിക്കുന്നതിനുവേണ്ടി സ്വകാര്യബസ്സുകൾ കടന്നുകയറുന്നതിനെ തടഞ്ഞിട്ട് കേസും പോലീസ് മർദ്ദനവുമൊക്കെ നേരിട്ട സംഭവങ്ങളുണ്ടായ പ്രദേശമുണ്ട്. കുട്ടനാട്ടിൽ കാവാലം-കൃഷ്ണപുരം റൂട്ടിൽ പ്രൈവറ്റ് ബസ്സുകൾ പാടില്ലെന്ന് പറഞ്ഞ് സമരം ചെയ്ത 100 കണക്കിന് ആളുകൾ ഇപ്പോഴും കേസിൽ പ്രതികളായിട്ടുണ്ട്. അവിടെ ഇപ്പോഴും പ്രൈവറ്റ് ബസ് കടന്നുവരുമെന്നുള്ള ഭീഷണി നിലനിൽക്കുന്ന സാഹചര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രി ഉറപ്പു നൽകിയതുപോലെ ഈ റൂട്ട് ദേശസാൽക്കരിക്കുന്നതിനും കെ.എസ്.ആർ.ടി.സി. ബസ്സുകൾ തടസ്സമില്ലാതെ ഓടിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: സർ, ദേശസാൽക്കരണനടപടികൾ ഏതാണ്ട് പൂർത്തിയായിട്ടുണ്ട്. വളരെ താമസിയാതെ പൂർണ്ണദേശസാൽക്കരണം വരും. അവിടെ ഇപ്പോൾ പ്രൈവറ്റ് ബസ്സ് ഓടിക്കുന്നില്ല; ട്രാൻസ്പോർട്ട് ബസ് ഓടിക്കുകയാണ് ചെയ്യുന്നത്. ദേശസാൽക്കരണ നടപടികൾ വളരെ വേഗം പൂർത്തിയാക്കും.

ശ്രീ. എം. എ. വാഹീദ്: സർ, ഏറ്റവും കൂടുതൽ പാരലൽ സർവ്വീസ് നടത്തുന്ന ഒരു പ്രദേശമാണ് എന്റെ മണ്ഡലമായ കഴക്കൂട്ടം. അത് ദേശസാൽകൃത മേഖലയാണ്. ഒരു ബസ് ഡിപ്പോയുമുണ്ട്. അവിടെ നിന്നുള്ള പല ബസ്സുകളും ഓടിക്കാതിരിക്കാനുള്ള ശ്രമമാണ് കെ.എസ്.ആർ. ടി.സി.-യിലെ ഉദ്യോഗസ്ഥന്മാർ നടത്തുന്നത്. ബസ് ഓടിക്കണമെന്നാവശ്യപ്പെട്ട് മന്ത്രിക്ക് നിവേദനം കൊടുക്കും. മന്ത്രി ആ നിവേദനം എം.ഡി.-ക്ക് കൊടുക്കും. എം.ഡി.-യുടെ ഓഫീസിൽ നിന്ന് സി.ടി.എം. എന്നു പറയുന്ന ആളിന്റെ കൈവശമെത്തും. സി.ടി.എം. ബസ് ഓടിക്കാൻ പറ്റില്ല എന്നു പറഞ്ഞ് ഒന്നുകിൽ ഡ്രൈവറെ കൊടുക്കുകയില്ല, അല്ലെങ്കിൽ കണ്ടക്ടറെ കൊടുക്കുകയില്ല, അതല്ലെങ്കിൽ സ്പെയർ പാർട്സ് കൊടുക്കുകയില്ല. അല്ലെങ്കിൽ പറയും ഓടുന്ന

LIBRARY ARCHIVES Kerala Legislative Assembly

ബസ്സാണെങ്കിൽ ശ്രീകാര്യം വരെ പോയാൽ മതിയെന്ന്. മെഡിക്കൽകോളേജു വരെ പോയാൽ മാത്രമേ കളക്ഷൻ കിട്ടുകയുള്ളൂ. എന്റെ പെറ്റീഷൻ മന്ത്രി വഴി എം.ഡി. വഴി സി.ടി.എം.-ന്റെ അടുത്ത് വരുമ്പോൾ നാട്ടുകാർ പറയും ഇത് എം.എൽ.എ.-യുടെ കത്താണെന്ന്. അപ്പോൾ സി.ടി.എം. പറയുന്നത് എന്താണെന്നറിയാമോ? എം.എൽ.എ-യുടെയോ മന്ത്രിയുടെയോ അപ്പന്റെ വകയല്ല കെ.എസ്.ആർ.ടി.സി. എന്നാണ്. ഇങ്ങനെയുള്ള ഉദ്യോഗസ്ഥന്മാരെ കെ.എസ്.ആർ.ടി.സി.-യിൽ വച്ചാൽ ആ സ്ഥാപനം നന്നാക്കാൻ പറ്റില്ല. ഇത്തരം ഉദ്യോഗസ്ഥന്മാരുടെ പേരിൽ നടപടി സ്വീകരിക്കാൻ ബഹുമാനപ്പെട്ട സർക്കാരിന് കഴിയുമോ എന്നുള്ളതാണ് എന്റെ ചോദ്യം.

<u>ശ്രീ. ആർ. ബാലകൃഷ്ണപിള്ള:</u> സർ, അദ്ദേഹം പറഞ്ഞ ഒരു കാര്യം സത്യമാണ്. എന്റേയോ ഉദ്യോഗസ്ഥന്മാരുടെയോ അപ്പന്റെ വകയല്ല എന്നു പറഞ്ഞത് സത്യമാണ്.

<u>ശ്രീ. എം. എ. വാഹീദ്:</u> അങ്ങനെയല്ല പറഞ്ഞത്.

<u>ശ്രീ. ആർ. ബാലകൃഷ്ണപിള്ള:</u> അങ്ങു പറഞ്ഞിരുന്ന കാര്യം ഞാൻ പരിശോധിച്ചു. അങ്ങയുടെ നിയോജകമണ്ഡലവുമായി ചേർന്നു കിടക്കുന്ന സ്ഥലമാണ്. അവിടെ പത്ത് മിനി ബസ്സുണ്ട്. പക്ഷേ അവിടത്തെ ആളുകൾ പാരലൽ സർവ്വീസിലേ യാത്ര ചെയ്യൂ എന്ന് തീരുമാനിച്ചതുകൊണ്ട് ഓരോ മിനി ബസ്സും അവിടെ നിന്ന് പിൻവലിച്ച് വേറെ കൊടുക്കേണ്ടി വന്നു. അവിടെയെല്ലാം പാരലലാണ് സർ. അതാണ് അതിന്റെ കുഴപ്പം. ബസ്സ് കൊടുത്തു. എത്ര ബസ് വേണമെങ്കിലും കൊടുക്കാം. ബസ് ഉപേക്ഷിച്ച് പാരലൽ സർവ്വീസിൽ കയറാതിരിക്കാമെങ്കിൽ, അങ്ങു കൂടി നിർബന്ധം ചെലുത്തി പാരലൽ സർവ്വീസിൽ കയറാതിരിക്കാമെങ്കിൽ പോത്തൻകോട്-കണിയാപുരം ഉൾപ്പെടെയുള്ള റൂട്ടുകളിൽ ആവശ്യംപോലെ ബസ് തരാൻ കെ.എസ്.ആർ.ടി.സി. സന്നദ്ധമാണ്. കൊടുത്ത ബസ്സുകൾ വമ്പിച്ച നഷ്ടംമൂലം പിൻവലിച്ചുകൊണ്ടിരിക്കുന്ന ഒരു ഡിപ്പോയാണ്.

<u>ശ്രീ. മത്തായി ചാക്കോ:</u> സർ, പാരലൽ സർവ്വീസുകൾ സർവ്വീസ് നടത്തുന്നത് നിർത്തലാക്കണമെങ്കിൽ നിലവിൽ കെ.എസ്.ആർ.ടി.സി. ബസ്സുകൾ ഓടിക്കൊണ്ടിരിക്കുന്ന സ്ഥലങ്ങളിൽ കൃത്യമായി ഷെഡ്യൂൾ ചെയ്ത് നടപ്പിലാക്കുന്നതിന് സംവിധാനമുണ്ടാക്കണം. വടക്കൻ ജില്ലകളോട് കെ.എസ്.ആർ.ടി.സി. തീർത്തും അവഗണനയാണ് കാണിക്കുന്നത്. കൊട്ടാരക്കരയും കൊല്ലവും തിരുവനന്തപുരവും മാത്രമല്ല, വടക്കൻ ജില്ലകളും കേരളത്തിന്റെ ഭാഗമാണ്. രണ്ടുദാഹരണം ഞാൻ പറയാം. കോഴിക്കോട് നിന്ന് വയനാട്ടിലേയ്ക്ക് നാഷണലൈസ്ഡ് റൂട്ടാണ്. നാഷണലൈസ് ചെയ്തിട്ടുള്ള കോഴിക്കോട്-വയനാട് റൂട്ടിൽ കൃത്യമായി ഷെഡ്യൂൾ നടത്തുന്നുണ്ടോ എന്നുള്ളത് പരിശോധിക്കണം. കുന്ദമംഗലം, താമരശ്ശേരി, കൊടുവള്ളി ഭാഗത്തുള്ള ആളുകൾ പരാതി പറയുകയാണ്. മറ്റൊന്ന്, തൃശൂർ-കണ്ണൂർ ടൗൺ ടു ടൗൺ സർവ്വീസ് ഏറ്റവും നന്നായി സർവ്വീസ് നടത്തുകയും കെ.എസ്.ആർ.ടി.സി.-ക്ക് ലാഭമുണ്ടാക്കുകയും ചെയ്തതാണ്. അത്

LIBRARY ARCHIVES Kerala Legislative Assembly

സ്വകാര്യ ബസ് ഉടമസ്ഥന്മാരുടെ ഇടപെടലിന്റെ ഭാഗമായി ഇപ്പോൾ ഇല്ലാതായി. ഇത് പരിഹരിക്കാനാവശ്യമായിട്ടുള്ള സംവിധാനം ഉണ്ടാക്കുമോ; വടക്കൻ മേഖലകളോടുള്ള അവഗണന കെ.എസ്.ആർ.ടി.സി. അവസാനിപ്പിക്കുമോ?

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: സർ, സ്വകാര്യ ബസ്സും കെ.എസ്.ആർ.ടി.സി. ബസ്സും ഒരുമിച്ച് ഓടിയാൽ ഒരിക്കലും കെ.എസ്.ആർ.ടി.സി.-ക്ക് കളക്ഷൻ കിട്ടുകയില്ല. അതിന്റെ കാരണങ്ങൾ അങ്ങേയ്ക്കുമറിയാം. അങ്ങയുടെയൊക്കെ സഹകരണം ഈ കാര്യത്തിൽ വേണം. ഈ പറഞ്ഞ ദേശസാൽകൃത റൂട്ടിൽ കോഴിക്കോടും ബത്തേരിയിലും ആവശ്യംപോലെ സർവ്വീസ് തുടങ്ങാൻ ഉദ്യോഗസ്ഥന്മാരെ വിളിച്ച് പറഞ്ഞിരുന്നു. ബസ്സും കൊടുത്തു. ബസ് സർവ്വീസ് തുടങ്ങിയാൽ ഒരു കിലോമീറ്ററിന് 20 രൂപയെങ്കിലും കിട്ടേണ്ട സ്ഥലത്ത് 5 രൂപ പോലും കിട്ടാത്ത സാഹചര്യമുണ്ടായി എന്ന കാര്യം അങ്ങ് മനസ്സിലാക്കണം. നിവൃത്തിയില്ല. ഖജനാവിൽ നിന്ന് പണം കിട്ടുന്ന ഒരു സ്ഥാപനമല്ല കെ.എസ്.ആർ.ടി.സി. ആളുള്ള സ്ഥലങ്ങളിൽ എത്ര ബസ് വേണമെങ്കിലും കൊടുക്കാൻ തയ്യാറാണ്. ഞാൻ കോഴിക്കോട് വന്ന് അങ്ങയേയും വയനാട്ടിലെ എം.എൽ.എ.-മാരേയും വിളിച്ച് നിങ്ങൾ നിർദ്ദേശിക്കുന്നതെന്താണെന്നു വച്ചാൽ ആ നിർദ്ദേശം നടപ്പിലാക്കാൻ കെ.എസ്.ആർ.ടി.സി.-യോട് ആവശ്യപ്പെടാം. അതേ മാർഗ്ഗമുള്ളൂ. അസംബ്ലി സെഷൻ കഴിഞ്ഞാൽ ഞാൻ കോഴിക്കോട് വരാം.

ശ്രീ. കെ. എ. ചന്ദ്രൻ: സർ, കെ.എസ്.ആർ.ടി.സി.-യുടെ ദീർഘദൂര വണ്ടികൾ മുമ്പത്തേക്കാളേറെ അൽപ്പം ഐശ്വര്യവും അകവശം വൃത്തിയുള്ളതുമായി മാറിയിട്ടുണ്ട്. അതിൽ സന്തോഷമുണ്ട്. അതേ സമയം നാട്ടിൻപുറത്ത് ഓടുന്ന വണ്ടികൾ മിക്കതും വൃത്തിഹീനമായതും യഥാസമയം ഓടാത്തതുമാണ്. നെല്ലിയാമ്പതി ഒരു മലമുകൾ പ്രദേശമാണ്; തോട്ടം മേഖലയാണ്. അവിടെ മറ്റൊരു സർവ്വീസുമില്ല. കെ.എസ്.ആർ.ടി.സി.-യുടെ നാലു ബസ്സുകൾ മാത്രമേയുള്ളൂ. ആ നാല് സർവ്വീസ് കൊണ്ട് അവിടത്തെ യാത്രക്കാർക്ക് യാത്ര ചെയ്യാൻ കഴിയുന്നില്ല. അതുകൊണ്ട് ജീപ്പുകളും മറ്റുമാണ് അവിടെ പാരലൽ സർവ്വീസായി ഓടുന്നത്. ജീപ്പുകൾ ഓടുന്നത് നിർത്തണമെങ്കിൽ മിനി ബസ് സർവ്വീസുകളുടെ എണ്ണം കൂട്ടി യാത്രക്കാർക്ക് സൗകര്യമൊരുക്കണം. അതോടൊപ്പം വേറൊരു ബുദ്ധിമുട്ടുള്ളത്, ഒരു ബസ്സിന് 25 വിദ്യാർത്ഥികൾക്കാണ് കൺസെഷൻ അനുവദിക്കുന്നത്. ഇപ്പോഴും നാലു ബസ് മാത്രമാണ് അവിടെ ഓടുന്നത്. അതുകൊണ്ട് നൂറു കുട്ടികൾക്കു മാത്രമേ നിലവിലുള്ള വ്യവസ്ഥയനുസരിച്ച് കൺസഷൻ കൊടുക്കാൻ കഴിയുന്നുള്ളൂ. നൂറിലേറെ വിദ്യാർത്ഥികൾ മലമുകളിൽ നിന്ന് താഴെ വന്ന് പഠിക്കണം. അവർക്കെല്ലാവർക്കും കൺസെഷൻ കൊടുക്കാനുള്ള പ്രത്യേക അനുമതി കൂടി നൽകി കെ.എസ്.ആർ.ടി.സി. സർവ്വീസ് ജനോപകാരപ്രദമാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: സർ, കൺസെഷന്റെ പ്രശ്നം പരിഹരിച്ചു എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഞാൻ അക്കാര്യത്തിൽ ഇടപെട്ടു. കൺസെഷൻ കൊടുത്തുകഴിഞ്ഞു എന്ന് അങ്ങു തന്നെ എന്നെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. ബസ്സുകളുടെ എണ്ണം കൂടുതൽ ആവശ്യമുണ്ടെങ്കിൽ നാളെത്തന്നെ നെല്ലിയാമ്പതിയിലേയ്ക്ക് കൂടുതൽ ബസ്സുകൾ ആരംഭിക്കാൻ ഏർപ്പാട് ചെയ്യാം.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി.കെ. ചന്ദ്രൻ: സർ, പാരലൽ സർവ്വീസുകളെപ്പോലെത്തന്നെ കെ.എസ്.ആർ.ടി.സി.-ക്ക് നഷ്ടമുണ്ടാക്കുന്ന മറ്റൊരു സംവിധാനമാണ് ടൈം. ഗ്രാമപ്രദേശങ്ങൾ ഉൾക്കൊള്ളുന്ന മേഖലകളിൽ കെ.എസ്.ആർ.ടി.സി. ബസ്സുകൾ ഓടി ആളുകളെ കൂടുതലുണ്ടാക്കി അത് റൂട്ടാക്കി മാറ്റും. അതിനുശേഷം ആർ.ടി.ഒ. ഓഫീസിൽ കെ.എസ്.ആർ.ടി.സി.-യുടെ ജീവനക്കാരിൽ ചില ആളുകൾ ടൈമിന് ചെല്ലുമ്പോൾ ഗ്രാമപ്രദേശങ്ങളിൽ ഗവൺമെന്റ് തയ്യാറാക്കിയ നിബന്ധനകൾ മാറ്റി വാഹനങ്ങൾ ഓടിക്കാനുള്ള പെർമിറ്റ് കൊടുക്കുകയാണ്. ഇതിന്റെ ഭാഗമായി കെ.എസ്.ആർ.ടി.സി. കനത്ത നഷ്ടത്തിലേയ്ക്ക് പോകുകയും യാത്രക്കാരില്ലാതെ വരുമ്പോൾ കെ.എസ്.ആർ.ടി.സി.ബസ്സ് നിർത്തലാക്കുകയും ചെയ്യുന്ന ഒരു സ്ഥിതിയാണ് നമ്മുടെ സംസ്ഥാനത്ത് ഉള്ളത്. അതുകൊണ്ട് ഇത്തരത്തിൽ ടൈം നൽകുന്ന ഉദ്യോഗസ്ഥന്മാർക്കെതിരെ കർശനമായ നടപടി സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: സർ, കെ.എസ്.ആർ.ടി.സി.-യിൽ ഇതുപോലെ കുഴപ്പം ചെയ്യുന്ന ചില ഉദ്യോഗസ്ഥരുടെ പേരിൽ നടപടി സ്വീകരിച്ചിട്ടുണ്ട്. ഇന്നലേയും ഒരു ഉദ്യോഗസ്ഥന്റെ പേരിൽ നടപടി സ്വീകരിച്ചതായി എനിക്ക് മനസ്സിലാക്കാൻ കഴിഞ്ഞു. കെ.എസ്.ആർ.ടി.സി.-യുടെ ഉദ്യോഗസ്ഥന്മാർ ടൈം കോൺഫറൻസിൽ പ്രൈവറ്റ് ബസ്സുകാരോട് ചേർന്ന് കെ.എസ്.ആർ.ടി.സി.-ബസ്സുകളുടെ മുമ്പിൽ ടൈം കൊടുക്കുന്നതിന് കൂട്ടുനിന്നു എന്നുള്ളതിന്റെ പേരിൽ നടപടി സ്വീകരിക്കുന്നുണ്ട്. പക്ഷേ നടപടി സ്വീകരിച്ചാൽ ആ നടപടിക്കെതിരായി നമ്മുടെ രാഷ്ട്രീയ സ്നേഹിതന്മാർ തന്നെ വളരെ ശക്തമായി അവരുടെ പേരിൽ നടപടി സ്വീകരിക്കരുത് എന്ന് ആവശ്യപ്പെടുകയും ചെയ്യുന്നുണ്ട്.

ശ്രീ. വി. ഡി. സതീശൻ: സർ, കെ.എസ്.ആർ.ടി.സി. ലാഭകരമാക്കുന്നതിനല്ലെങ്കിൽ നഷ്ടം നികത്തുന്നതിനുവേണ്ടി വ്യാപകമായി ഷെഡ്യൂളുകൾ റദ്ദാക്കിയതാണ് ഈ അനധികൃത പാരലൽ സർവ്വീസുകൾ വല്ലാതെ വർദ്ധിക്കാൻ കാരണമായത്. ബസ് കാത്തുനിൽക്കുന്ന വലിയ ജനക്കൂട്ടം ബസ് വരാതെ അവിടെ നിൽക്കുമ്പോൾ മോട്ടോർ വെഹിക്കിൾസ് ഡിപ്പാർട്ടുമെന്റിലെ ആളുകൾ അവിടെവന്ന് പരിശോധന നടത്തുമ്പോഴാണ് ബസ് പിടിച്ച സംഭവം പലസ്ഥലത്തുമുണ്ടായത്. കർശനമായ നടപടികൾ സ്വീകരിക്കുന്നതിനെ സ്വാഗതം ചെയ്യുന്നു, പക്ഷെ അത് nationalised route-ൽ ചെയ്യുന്നത് നീതിപൂർവ്വമായി, ബോധപൂർവ്വമായി അവിടെ സമയക്രമീകരണം നടത്തിയതിനുശേഷം, യാത്രാസൗകര്യം പൂർണ്ണമായി ഉപയോഗിക്കാൻ കഴിയുന്നു എന്ന് ഉറപ്പ് വരുത്തിയതിനുശേഷമായിരിക്കണം. അതിനുവേണ്ടി കെ.എസ്.ആർ.ടി.സി.യും മോട്ടോർ വെഹിക്കിൾസ് ഡിപ്പാർട്ടുമെന്റും തമ്മിലുള്ള ഒരാലോചന നടത്തിയതിനുശേഷം കർശനനടപടി സ്വീകരിച്ചാൽ വളരെ ഭംഗിയായി ഇതിനെ നിയന്ത്രിക്കാൻ കഴിയും. അതിന് ഗവൺമെന്റ് മുൻകൈ എടുക്കുമോ?

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: സർ, അങ്ങനെയാണ് ഇപ്പോൾ ചെയ്യുന്നത്. ബഹുമാനപ്പെട്ട മെമ്പറുടെ ആലുവ-പറവൂർ റൂട്ടിൽ തന്നെ പാരലൽ സർവ്വീസുകൾ നിയന്ത്രിക്കാൻ ശ്രമിച്ചപ്പോൾ അവിടെയുള്ള ആർ.ടി.ഒ.യും മോട്ടോർ വെഹിക്കിൾസ് ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥന്മാരും ട്രാൻസ്പോർട്ട് കോർപ്പറേഷന്റെ ഉദ്യോഗസ്ഥരും

ചേർന്ന് വാഹനങ്ങളുടെ എണ്ണം വർദ്ധിപ്പിച്ചതിനു ശേഷമാണ് പാരലൽ സർവ്വീസ് നിയന്ത്രിക്കാനുള്ള തീരുമാനമെടുത്തത്. അത് അങ്ങേയ്ക്കും അറിയാവുന്നതാണ്, അങ്ങനെ തന്നെയാണ് എല്ലായിടത്തും ചെയ്തുവരുന്നത്.

ശ്രീ. ടി.പി. രാമകൃഷ്ണൻ: സർ, പാരലൽ സർവ്വീസിന്റെ പ്രശ്നം കെ.എസ്.ആർ.ടി.സി.-യുടെ സംരക്ഷണവും ജനങ്ങളുടെ സൗകര്യവും പരിഗണിച്ചുകൊണ്ട് കൈകാര്യം ചെയ്യണം. ഇന്ന് നിലവിലുള്ള പല ഘടകങ്ങളും ഈ പൊതുതാല്പര്യം സംരക്ഷിക്കുന്നതിന് പ്രയാസകരമായി മാറുകയാണ്. ഈ കാര്യത്തിൽ ഒരു സമഗ്രമായ പരിശോധന നടത്തി ഒരു പുതിയ നയം തന്നെ ആവിഷ്ക്കരിക്കേണ്ടതുണ്ട്. കെ.എസ്.ആർ.ടി.സി.-യുടെ ദീർഘദൂര സർവ്വീസ് നടത്തുന്നതിന്റെ സമയത്തുതന്നെ സ്വകാര്യ ബസ്സുകൾ ഓടിക്കുകയാണ്. ഇത് പരസ്പരം ബാധിക്കുകയാണ്, അതേസമയം കൂടുതൽ പ്രതികൂലമായി ബാധിക്കുന്നത് കെ.എസ്.ആർ.ടി.സി.യെ ആണ്. ഇത് ഏതെങ്കിലും ഒരു ജില്ലയുടെ മാത്രം കാര്യമല്ല. ഈ കാര്യത്തിൽ ഗൗരവമായി ഇടപെട്ടുകൊണ്ട് കെ.എസ്.ആർ.ടി.സി. ദീർഘദൂര സർവ്വീസ് നടത്തുന്ന അതേ സമയത്തുതന്നെ സ്വകാര്യ ബസ്സുകൾ പാടില്ലെന്നുള്ള നിലപാടുമായി ബന്ധപ്പെട്ടുകൊണ്ടുള്ള കാര്യം പുനഃപരിശോധിച്ച് ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതിന് ഗവൺമെന്റ് നടപടി സ്വീകരിക്കുമോ?

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: കെ.എസ്.ആർ.ടി.സി.-യുടെ ദീർഘദൂര സർവ്വീസുകൾ വലിയ ഭീഷണിയെ നേരിടുകയാണ്. കാരണം റെയിൽവേയുടെ ചാർജ്ജും നമ്മുടെ ദീർഘദൂര സർവ്വീസുകളുടെ ചാർജും തമ്മിൽ വലിയ വ്യത്യാസമുണ്ടായിരിക്കുന്നു. ട്രെയിനുകളുടെ എണ്ണം കൂടി വരുന്നതിനനുസരിച്ച് ദീർഘദൂര ബസ് സർവ്വീസുകൾ പലതും നഷ്ടത്തിലേയ്ക്ക് നീങ്ങുകയാണ്. അതിന് രണ്ട് കാരണങ്ങളുണ്ട്, മഴയൊക്കെയായാലും ട്രെയിനാകുമ്പോൾ വലിയ കുഴപ്പമില്ല പിന്നെ ചാർജ്ജ് കുറവുമാണ്. അതുകൊണ്ട് കാലക്രമേണ, ഇന്നത്തെ റെയിൽവേ ചാർജ്ജ് നിലനിൽക്കുന്നപക്ഷം, ദീർഘദൂര സർവ്വീസുകൾക്ക് ബുദ്ധിമുട്ട് വരാൻപോവുകയാണ്. സ്വകാര്യ ബസുകൾക്കും ഇത് ബുദ്ധിമുട്ടായിട്ടു വരികയാണ്. എങ്കിലും ഷെഡ്യൂളുകൾ കുറഞ്ഞു എന്നിവിടെ ധാരാളമായി പറഞ്ഞു. ഷെഡ്യൂളുകളൊന്നും അങ്ങനെ കാര്യമായി കുറഞ്ഞിട്ടില്ല, അത് വെറും പ്രചരണമാണ്. കെ.എസ്.ആർ.ടി.സി. എവിടെയൊക്കെ ആവശ്യമുണ്ടോ അവിടെയൊക്കെ ഓടിക്കുന്നുണ്ട്. ഒരു ഷെഡ്യൂൾ ഒരു സ്ഥലത്തുനിന്നും മാറ്റിയാൽ അതേ ഡിപ്പോയിൽ നിന്നുംതന്നെ മറ്റൊരു സ്ഥലത്തേയ്ക്ക് ഓടിക്കും. ഇവിടെ ബഹുമാനപ്പെട്ട വി.കെ. ചന്ദ്രൻ പറഞ്ഞതുപോലെ time conference ഉൾപ്പെടെയുള്ളതിന് കോടതികൾ പെർമിറ്റ് കൊടുക്കുന്നതുമൂലം നമ്മുടെ പല ബസ്സുകളും നിർത്തിവയ്ക്കേണ്ടി വരുന്നു. കോടതികൾ നമ്മുടെ ബസ്സുകൾക്കുമുമ്പിൽ ഓടിക്കാൻ പെർമിറ്റ് കൊടുക്കുകയാണ്. അങ്ങനെ കൊടുക്കേണ്ടി വരുന്നതുകൊണ്ട് നമ്മൾ ആ ബസ് മറ്റു സ്ഥലങ്ങളിലേയ്ക്ക് ആവശ്യമനുസരിച്ച് ഓടിക്കുകയാണ്, അല്ലാതെ ഷെഡ്യൂളുകളൊന്നും കാര്യമായി കുറഞ്ഞിട്ടില്ല. വടക്കൻ ജില്ലകളെ അവഗണിക്കുന്നു എന്നു പറയുന്നത് ശരിയാണ്, കാരണം വടക്കൻ ജില്ലകളിൽ സ്വകാര്യ ബസ്സിനോടാണ് കൂടുതൽ താല്പര്യം. അതുകൊണ്ടാണ് വടക്കൻ ജില്ലകളിൽ കെ. എസ്. ആർ. ടി. സി. വണ്ടികൾ കുറയുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. മോയിൻ കുട്ടി: സർ, മലയോര കുടിയേറ്റ മേഖലയിൽ യാത്രാദുരിതത്തിന് അല്പമെങ്കിലും ആശ്വാസം നൽകുന്നത് പാരലൽ ബസ് സർവ്വീസാണ്. ബഹുമാനപ്പെട്ട മന്ത്രി ഇവിടെ, ഇഷ്ടംപോലെ ബസുണ്ട്, ജീവനക്കാരുണ്ട് എന്നു പറഞ്ഞു, പക്ഷേ ഞങ്ങളുടെയൊന്നും മേഖലയിൽ ബസ് വേണ്ടത്ര യില്ല. അതുകൊണ്ട് അല്പം ആശ്വാസം നൽകുന്ന പാരലൽ സംവിധാനത്തെ, അത് അനധികൃതമാണെങ്കിൽത്തന്നെയും നിയന്ത്രിക്കുന്നത് പകരം സംവിധാനം ഒരുക്കിയിട്ടുവേണം. അതുകൊണ്ട് എനിക്ക് നിർദ്ദേശിക്കാനുള്ളത് മിനി ബസുകൾ പരമാവധി മലയോര മേഖലയിലേയ്ക്ക് അനുവദിക്കുകയാണെങ്കിൽ അത് തീർച്ചയായും യാത്രാ ദുരിതത്തിന് വളരെയേറെ ആശ്വാസമുണ്ടാക്കും. അത് നൽകാതെ പാരലൽ സംവിധാനം കൂടി നിർത്തിയാൽ തീർച്ചയായും ജനരോഷം ഉയരും. അതുകൊണ്ട് ജനങ്ങളുടെ താല്പര്യം മാനിച്ചുകൊണ്ട് പകരം സംവിധാനം, ഇഷ്ടംപോലെ ബസ്സുള്ളതുകൊണ്ട് മലയോര മേഖലയിലേയ്ക്ക് ഓടാൻ സൗകര്യമുള്ള മിനി ബസ്സുകൾ നൽകി, അവിടത്തെ യാത്രാ ദുരിതം പരിഹരിക്കുന്നതിന് അടിയന്തിരമായി ശ്രദ്ധിക്കണമെന്നാണ് എനിക്ക് ഈ കാര്യത്തിൽ പറയാനുള്ളത്. അത് ഫലപ്രദമായി പരിഹരിച്ചതിനുശേഷം മാത്രം പാരലൽ സംവിധാനത്തെ നിരോധിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചാൽ മതിയെന്നാണ് മന്ത്രിയോട് എനിക്ക് നിർദ്ദേശിക്കാനുള്ളത്.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: സർ, അതിനിപ്പോൾ കോടതികളുടെ വിധിയൊക്കെയുണ്ട്. അദ്ദേഹം പറഞ്ഞതുപോലെ കഴിയുന്നിടത്തോളം മറ്റു സംവിധാനമുണ്ടാക്കാതെ പാരലൽ സർവ്വീസുകൾ നിർത്തുന്നത് ശരിയല്ലെന്നുള്ള വാദം അംഗീകരിക്കുന്നു. തീർച്ചയായും അങ്ങനെ നിർത്തേണ്ടി വരുമ്പോൾ പകരം സംവിധാനമുണ്ടാക്കിയതിനുശേഷം മാത്രമേ നിർത്തലാക്കുകയുള്ളു.

കേന്ദ്ര സർക്കാരിന്റെ പൊതുമിനിമം പരിപാടിയുടെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ പിന്തുടരുന്ന വ്യവസായ നയം

*2 [92] ശ്രീ. പി. സി. ജോർജ്:

,, കോടിയേരി ബാലകൃഷ്ണൻ:

ഡോ. തോമസ് ഐസക്:

ശ്രീ. സാജു പോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രത്തിൽ പുതുതായി അധികാരത്തിൽ വന്ന സർക്കാർ അംഗീകരിച്ചിട്ടുള്ള പൊതുമിനിമം പരിപാടിയുടെ (സി. എം. പി.) അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ പിന്തുടരുന്ന വ്യവസായ നയത്തിൽ എന്തെങ്കിലും മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) പൊതുമേഖലാ സ്ഥാപനങ്ങൾ സ്വകാര്യവത്കരിക്കില്ലെന്ന കേന്ദ്ര സർക്കാരിന്റെ പ്രഖ്യാപനം സംസ്ഥാന സർക്കാർ അംഗീകരിക്കുന്നുണ്ടോ;